12
ജൂൺ 2023
തിങ്കൾ Pages 5
Vol 2. Issue. 131

# ക്രിസ്ത്യൻലൈവ് ദിനപത്രം

on the battlefield for the Great commission

CNL7 MEDIA

499

# നാല് വിശ്വാസികളെ അറസ്റ്റ് ചെയ്തു

## വിദ്യാർത്ഥികൾക്ക് സുവിശേഷപ്രതി വിതരണം ചെയ്തതിനാണ് അറസ്റ്റ്



വാർത്ത തുടർന്ന് വായിക്കുവാൻ പേജ് 03 കാണുക

## സുറിയാനി ഭാഷക്ക് പുതുജീവൻ നൽകാൻ ചാനലുമായി ഇറാഖി ക്രൈസ്തവർ



*Editorial*

ക്രിസ്ത്യൻ ലൈവ് ദിനപത്രം

**2023 ജൂൺ 12 തിങ്കൾ**



# നശിപ്പിക്കുന്ന ലഹരി

**ആ**റു വയസ്സുള്ള സ്വന്തം കുഞ്ഞിനെ ഒരു അച്ഛൻ മഴു കൊണ്ട് വെട്ടി തുണ്ടമാക്കി കൊന്നു കളഞ്ഞു. സാക്ഷര പ്രബുദ്ധ കേരളത്തിൽ. എങ്ങനെ സഹിക്കും!
മദ്യം, മയക്കുമരുന്ന്, ഇവയുടെ ഉപയോഗത്തിന്റെ അനന്തര ഫലമായി സ്വഭാവ വൈകല്യങ്ങൾ, മാനസിക പ്രശ്നങ്ങൾ, ഡിപ്രഷൻ, ആത്മഹത്യ, സ്വന്തം പെൺകുഞ്ഞുങ്ങളെ പോലും തിരിച്ചറിയാൻ കഴിയാത്ത അവസ്ഥ, മാറാരോഗങ്ങൾ  കേരളത്തിൽ ഇവയുടെ തേരോട്ടം വല്ലാതെ വർധിച്ചിരിക്കുന്നു. ഞങ്ങളൊക്കെ നാഴികയ്ക്ക് നാല്പതു വട്ടം ഇത് വിളിച്ചു പറയുന്നു: ആര് കേൾക്കാൻ ! കുറച്ച് നാൾ മുൻപ് ആ കുഞ്ഞിന്റെ അമ്മ ജീവിതം മടുത്ത് ആത്മഹത്യ ചെയ്തു. വല്ല്യപ്പച്ചൻ ട്രെയിൻ തട്ടി മരിച്ചു അതും ഒരുപക്ഷേ ആത്മഹത്യ ആയിരിക്കാം എന്ന് പറയപ്പെടുന്നു.

മദ്യം നശിപ്പിച്ച കുടുംബങ്ങൾ എത്രയാൺ എത്ര ദാമ്പത്യ ബന്ധങ്ങളാണ് മദ്യം മൂലം ഉടഞ്ഞു പോയത്! എത്രയോ കുട്ടികൾ അനാഥരായി! എത്രയോ കൊലപാതകങ്ങൾ, ആത്മഹത്യകൾ, വാഹനാപകടങ്ങൾ, വില്ലൻ മദ്യം തന്നെ.

ഇന്ന് മദ്യത്തിന്റെ ലഹരിയും പോരാ എന്ന് വെച്ച് മയക്കുമരുന്നിലേക്ക് പലരും തിരിഞ്ഞിരിക്കുന്നു. പല യുവ ജനങ്ങളും അതിന്റെ വാഹകരും ബിസിനസ് പങ്കാളികളും ആയി മാറിയിരിക്കുന്നു.

കുഞ്ഞുങ്ങളേ, യുവജനങ്ങളേ, ലഹരിയിൽ തുടങ്ങി നിരാശയിലും ആത്മഹത്യയിലും അവസാനിക്കാനുള്ളതല്ല നിങ്ങളുടെ ജീവിതം. വിലയേറിയതാണ് നിങ്ങളുടെ ജീവിതം; അത് ദൈവത്തിന്റെ ദാനമാണ്. ദൈവം നിങ്ങളെ അത്യന്തം സ്നേഹിക്കുന്നു. സ്വന്തം പുത്രനെ വരെ അവിടുന്ന് നിങ്ങൾക്കായി നൽകി. ആ സ്നേഹം തിരിച്ചറിയാതെ എത്ര നാൾ ഇങ്ങനെ ഓടും? ലഹരി ഇന്നു വരെയും ഒരു കുടുംബത്തിനും ഐശ്വര്യം നൽകിയിട്ടില്ല. മദ്യം ഒരു വ്യക്തിയെയും രക്ഷിച്ചിട്ടില്ല. സർവ്വ നാശമാണ് ഇവയുടെ ഉപയോഗത്തിന്റെ അനന്തര ഫലം.
പിന്നെ എന്തിന് ഇങ്ങനെ നശിക്കണം? എന്തിന് മറ്റുള്ളവരുടെ സന്തോഷം നശിപ്പിക്കണം? നമുക്ക് ദൈവത്തിങ്കലേക്ക് അടുത്ത് ചെല്ലാം. സ്വന്തം തെറ്റുകൾ സമ്മതിച്ചു കൊണ്ട് ചെല്ലുന്നവരോടുള്ള ദൈവത്തിന്റെ സ്നേഹം നമ്മെ അത്ഭുതപ്പെടുത്തും. മുടിയൻ പുത്രനും ആ പട്ടണത്തിലെ പാപിനിയായ സ്ത്രീക്കും അനുതപിച്ച് കരഞ്ഞ പത്രോസിനും ഒക്കെ ദൈവത്തിന്റെ ഹൃദയത്തിൽ ഇടമുണ്ട്; നമുക്കും ഉണ്ട്. ദൈവത്തോടുള്ള സ്നേഹത്താൽ നമ്മുടെ ഹൃദയങ്ങൾ നിറയട്ടെ!

എല്ലാവർക്കും ലഹരി മുക്തമായ ഒരു ജീവിതം ആശംസിക്കുന്നു!



**അനു കോശി പെരുനാട്**

# മണിപ്പൂർ കലാപം:ഐക്യദാർഢ്യ പ്രാർത്ഥനാ സംഗമം നാളെ തിരുവനന്തപുരത്ത്

തിരുവനന്തപുരം: മണിപ്പൂർ കലാപത്തിൽ കൊല്ലപ്പെടുകയും പരിക്കേൽക്കുകയും ചെയ്ത ഇരകൾക്ക് നീതി ലഭിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടും പീഡിത ജനതയോട് ഐക്യദാർഢ്യം പ്രഖ്യാപിച്ചു കൊണ്ടും നാഷണൽ ക്രിസ്റ്റ്യൻ മൂവ്മെന്റ് ഫോർ ജസ്റ്റിസ് പ്രാർഥനാ സംഗമം സംഘടിപ്പിക്കുന്നു.

പ്രാർത്ഥനാ സംഗമം നാളെ, ജൂൺ 13 ചൊവ്വാഴ്ച വൈകിട്ട് 3 മണിക്ക് തിരുവനന്തപുരം, പ്ലാമൂട് അസംബ്ലീസ് ഓഫ് ഗോഡ് സഭാ ഹാളിൽ വച്ച് നടക്കും.

ബിഷപ്പ് ഡോ. സെൽവദാസ് പ്രമോദ്, ബിഷപ്പ് ഡോ ജോർജ് ഈപ്പൻ, റൈറ്റ് റവ. ഡോ ഓസ്റ്റിൻ എം എ പോൾ, മേജർ വി കെ ജോസ്, റവ. ഡോ.സച്ചിദാനന്ദ ദാസ്, റവ. പി കെ ജോസ്, റവ. പി കെ യേശുദാസ് തുടങ്ങീ മറ്റ് ബഹുമാന്യരായ ബിഷപ്പുമാർ, സഭാ നേതാക്കന്മാർ, മേഖലാ ഡയറക്ടർമാർ, സെന്റർ പാസ്റ്റർമാർ, മിഷനറിമാർ, മനുഷ്യാവകാശ പ്രവർത്തകർ എന്നിവർ പങ്കെടുക്കും.

നാഷണൽ ക്രിസ്ത്യൻ മൂവ്മെന്റ് ഫോർ ജസ്റ്റീസ് സംസ്ഥാന പ്രസിഡന്റും കമ്മ്യൂണിയൻ ഓഫ് ചർച്ചസ് ദേശീയ ജനറൽ സെക്രട്ടറിയുമായ ഡോ. പ്രകാശ് പി തോമസ് , NCMJ സ്റ്റേറ്റ് ജനറൽ സെക്രട്ടറി പാസ്റ്റർ ജെയ്സ് പാണ്ടനാട്, ട്രഷറാർ റവ. ഡോ. എൽ ടി. പവിത്രസിംഗ് അഡ്വൈസറി കൗൺസിൽ അംഗങ്ങളായ ഫാദർ പി. എ. ഫിലിപ്പ്, ഫാദർ ബന്യാമിൻ ശങ്കരത്തിൽ, ഫാദർ ജോണിക്കുട്ടി, ഫാദർ ഡി. ഗീവർഗീസ് കോടിയാട്ട് , ഫാദർ ബിനു കെ. ജോസ്, പാസ്റ്റർ ഉമ്മൻ ജേക്കബ്, ഷിബി പീറ്റർ, ഷിബു കെ. തമ്പി, വി.ജി. ഷാജി, ഷാജി ഫിലിപ്പ്, കോശി ജോർജ് എന്നിവർ നേതൃത്വം നൽകും.

# അക്സ സണ്ണിയെ ആദരിച്ചു

പത്തനംതിട്ട:ഖസാഖിസ്ഥാനിൽ നടക്കുന്ന ആറാമത് ഏഷ്യൻ വുമൺ ക്ലബ്ബ് ലീഗ് ഹാൻഡ് ബോൾ ചാമ്പ്യൻ ഷിപ്പിൽ ഇന്ത്യയെ പ്രതിനിധീകരിക്കുന്ന അക്സ സണ്ണിയെ പെന്തകോസ്ത് കൗൺസിൽ ഓഫ് ഇന്ത്യ കേരളാ സ്റ്റേറ്റ് ഭാരവാഹികളായ പാസ്റ്റർ ജിജി ചാക്കോ തേക്ക്തോട്, പാസ്റ്റർ രാജീവ് പൂഴനാട് എന്നിവർ ഭവനത്തിലെത്തി ആദരിച്ചു. പത്തനംതിട്ട, തുരുത്തിക്കാട് ബിഎഎം കോളജിലെ ബികോം വിദ്യാർഥിനിയാണ് അക്സ സണ്ണി.
ഈ മാസം ഖസാഖിസ്ഥാനിൽ നടക്കുന്ന ആറാമത് ഏഷ്യൻ വുമൺ ക്ലബ് ലീഗ് ഹാൻഡ് ബോൾ ചാമ്പ്യൻഷിപ്പിൽ അക്സ സണ്ണി പങ്കെടുക്കും.



ചിരട്ടാമണ്ണിൽ സി.ജെ. സണ്ണിയുടെയും ജിനൊ എൻ. ജോർജിന്റെയും മകളായ അക്സ സണ്ണി പുല്ലുകുത്തി ഐപിസി ഹെബ്രോൻ സഭാംഗമാണ്. അക്സയ്ക്ക് ഹാൻഡ് ബോളിൽ നിരവധി നേട്ടങ്ങൾ കൈവരിക്കാനായിട്ടുണ്ട്. ഇത്തവണ എംജി യൂണിവേഴ്സിറ്റിയുടെ ഹാൻഡ് ബോൾ മത്സരത്തിൽ ഒന്നാം സ്ഥാനം ലഭിച്ചിരുന്നു. സഭയുടെ യുവജന വിഭാഗമായപിവൈപിഎയുടെ സജീവ പ്രവർത്തകയുമാണ് അക്സ സണ്ണി.

# സുരക്ഷാ സേനയും നക്സലേറ്റുകളും തമ്മിൽ ഏറ്റുമുട്ടൽ; വനിതാ മാവോയിസ്റ്റ് കൊല്ലപ്പെട്ടു

ഛത്തീസ്ഗഢിൽ സുരക്ഷാ സേനയും നക്സലേറ്റുകളും തമ്മിൽ ഏറ്റുമുട്ടൽ. കലാപബാധിത പ്രദേശമായ കാങ്കർ ജില്ലയിലാണ് ഇന്ന് പുലർച്ചെ ഏറ്റുമുട്ടലുണ്ടായത്. ഏറ്റുമുട്ടലിൽ ഒരു വനിതാ മാവോയിസ്റ്റ് കൊല്ലപ്പെട്ടതായി പോലീസ് അറിയിച്ചു. ഇന്ന് രാവിലെ ഏഴ് മണിയോടെ ഛോട്ടേബെത്തിയ പോലീസ് സ്റ്റേഷൻ പരിധിയിലെ ബിനഗുണ്ട ഗ്രാമത്തിന് സമീപമുള്ള വനത്തിലാണ് ഏറ്റുമുട്ടലുണ്ടായതെന്ന് മാവോയിസ്റ്റ് വിരുദ്ധ ഓപ്പറേഷൻ, ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസ് സുന്ദർരാജ് പറഞ്ഞു. വെടിവെപ്പ് നിർത്തിയ ശേഷം, സമീപത്തുനിന്ന് 303 റൈഫിളിനൊപ്പം യൂണിഫോം ധരിച്ച അജ്ഞാത വനിതാ മാവോയിസ്റ്റിന്റെ മൃതദേഹം ലഭിച്ചു. സംഭവസ്ഥലത്ത് തിരച്ചിൽ തുടരുകയാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ജില്ലാ റിസർവ് ഗാർഡിലെയും (ഡിആർജി) ബോർഡർ സെക്യൂരിറ്റി ഫോഴ്സിന്റെ (ബിഎസ്എഫ്) 132ാം ബറ്റാലിയനിലെയും ഉദ്യോഗസ്ഥരാണ് ഓപ്പറേഷനിൽ പങ്കെടുത്തതെന്ന് ഐജി പറഞ്ഞു.

Editorial board

**Chief Editor:**
Blessin John Malayil
**Managing Editor**
Aji George
**Publisher**
Nelson George

**Editors:**
Pr Sajo Thonikkuzhiyil
Pr. Titus Johnson
Pr. Sam Elambal
Joji Iype Mathews
Pr. Shibu Thomas , Oklahoma .
Pr. Blesson Cherian , Canada.
Rojin Pynummoodu
Duglus Joseph
Sis.Jessy Koshy
Sis.Blessy Rufus

+91 9188522220 +91 9846552220 Email: cnl7news@gmail.com

Layout & Design:Shaji Vazhoor.9656571354

## ക്രിസ്ത്യൻ മാട്രിമോണി

Born & raised in Qatar, Pentecostal youth (28/5'5) only son, works as a Chemical Engineer (Schlumberger) Marriage proposals are also invited from parents of spiritual and God fearing girls. Preference will be given to those in the Medical field. Phone 9745532 7348. (WhatsApp) Email: jaj3292000@yahoo.co.in

**Remarriage**

**Remarriage,Born Again Syrian Christian Boy,31 yr/172 cm,BE.Mech, Pathanamthitta"9946847617**

**വധുവിനെ ആവശ്യമുണ്ട്**

ക്രിസ്ത്യൻ പെന്തക്കോസ്ത് യുവാവ് Age-41, Hight-179 (B. A Sociology, BTH, Dip. Mission., BA. in Minitsry) ജോലിയോടൊപ്പം ജീവകാരുണ്യ പ്രവർത്തനവും സുവിശേഷ പ്രവർത്തനവും നടത്തുന്നു. സ്വദേശത്തോ വിദേശത്തോ ജോലിയുള്ളതും ഇല്ലാത്തതുമായ അനുയോജ്യമായ പെൺകുട്ടികളിൽ നിന്നും വിവാഹലോചനകൾ ക്ഷണിക്കുന്നു. ബാധ്യത ഇല്ലാത്ത പുനർ വിവാവഹവും പരിഗണിക്കും. **ഫോൺ: 9847683343**

# ബിപോർജോയ് ശക്തമായി; വിമാന സർവീസുകൾ റദ്ദാക്കി



മുംബൈ : അറബിക്കടലിൽ രൂപപ്പെട്ട 'ബിപോർജോയ്' ചുഴലിക്കാറ്റ് അതിതീവ്രമായതോടെ മുംബൈ വിമാനത്താവളത്തിലെ 09/27 റൺവേ താൽക്കാലികമായി അടച്ചു. ഇതോടെ മുംബൈ കേന്ദ്രീകരിച്ചുള്ള നിരവധി വിമാന സർവീസുകൾ വൈകുന്നതായും ചിലത് റദ്ദാക്കിയതായും വിമാന കമ്പനികൾ അറിയിച്ചു. കാലാവസ്ഥ മോശമായതിനെ തുടർന്ന് ഞായറാഴ്ച രാത്രി മുംബയിൽ ഇറങ്ങേണ്ടിയിരുന്ന നാല് വിമാനങ്ങൾ മറ്റ് വിമാനത്താവളങ്ങളിലേയ്ക്ക് വഴിതിരിച്ച് വിട്ടതായാണ് വിവരം. ബിപോർജോയ് തീവ്രമായതിന്റെ ഫലമായുണ്ടാകുന്ന ശക്തമായ കാറ്റാണ് മുംബൈ വിമാനത്താവളത്തിൽ സർവീസിന് പ്രതിസന്ധി സൃഷ്ടിക്കുന്നതെന്നാണ് റിപ്പോർട്ട്.

വിമാനങ്ങൾ വൈകിയതോടെ യാത്രക്കാരിൽ പലരും അധികൃതരുമായി വാക്കേറ്റത്തിൽ ഏർപ്പെട്ടു. തുടർന്ന് നിയന്ത്രണാതീതമായ സാഹചര്യങ്ങൾ ഉണ്ടായതിനാലാണ് ഷെഡ്യൂളിൽ മാറ്റങ്ങൾ വരുത്താൻ നിർബന്ധിതരായതെന്ന് വിമാനക്കമ്പനികൾ അറിയിച്ചു. പരിഹാരമുണ്ടാക്കാൻ എല്ലാ ശ്രമങ്ങളും നടത്തുന്നതായി എയർ ഇന്ത്യ ട്വീറ്റ് ചെയ്തു. യാത്രക്കാർക്കുണ്ടായ അസൗകര്യങ്ങളിൽ ഖേദിക്കുന്നുവെന്നും അവർ അറിയിച്ചു. മുംബൈയിലും മഹാരാഷ്ട്രയുടെ മറ്റു തീരപ്രദേശങ്ങളിലും ഉയർന്ന തിരമാലകളാണ് അടിച്ചുകയറുന്നത്. അടുത്ത മണിക്കൂറുകളിലും ശക്തമായ മഴയും ഇടിമിന്നലും ഉണ്ടാകനിടയുണ്ടെന്നും കാലാവസ്ഥാ വകുപ്പ് മുന്നറിയിപ്പ് നൽകിയിട്ടുണ്ട്.

# സുറിയാനി ഭാഷക്ക് പുതുജീവൻ നൽകാൻ ചാനലുമായി ഇറാഖി ക്രൈസ്തവർ



ബാഗ്ദാദ് : അറമായ ഭാഷയുടെ ഭാഷാഭേദമായ സുറിയാനി ഭാഷക്ക് പുതുജീവൻ നൽകാൻ ഇറാഖിലെ ക്രൈസ്തവ വിശ്വാസികൾ സുറിയാനി ഭാഷയിൽ പുതിയ ചാനൽ ആരംഭിച്ചു. നൂറ്റാണ്ടുകളായി ഇറാഖിലെയും, സിറിയയിലെയും ക്രൈസ്തവ വിശ്വാസികൾ സംസാരിക്കുന്ന ഭാഷ സുറിയാനിയാണ്. വിദ്യാലയങ്ങളിലും, ദേവാലയങ്ങളിലും സുറിയാനി ഭാഷ സംസാരിക്കുന്നുണ്ടെങ്കിലും തളർച്ച നേരിട്ടുകൊണ്ടിരിക്കുന്ന സുറിയാനി ഭാഷയെ വീണ്ടും വളർച്ചയുടെ പാതയിൽ എത്തിക്കാൻ വേണ്ടി അൽ സിറിയാനിയ ടിവി എന്ന പേരിലുള്ള ചാനലാണ് ക്രൈസ്തവ വിശ്വാസികൾ ആരംഭിച്ചിരിക്കുന്നത്. തങ്ങൾ വീട്ടിൽ സുറിയാനിയാണ് സംസാരിക്കുന്നതെന്നും, എന്നാൽ നിർഭാഗ്യവശാൽ ഈ ഭാഷ അപ്രത്യക്ഷമാകുന്നതാണ് കാണാൻ സാധിക്കുന്നതെന്നും അൽ സിറിയാനിയ ടിവിയിലെ 35 വയസ്സുള്ള അവതാരക മറിയം ആൽബർട്ട് പറഞ്ഞു. ക്രൈസ്തവരെ പ്രതിനിധീകരിക്കുന്ന ഒരു മാധ്യമം ഉണ്ടാവുകയെന്നത് വളരെയധികം പ്രാധാന്യമർഹിക്കുന്ന ഒരു കാര്യമാണെന്നും മറിയം കൂട്ടിച്ചേർത്തു.

ക്രൈസ്തവ വിശ്വാസത്തിന്റെ പിള്ളത്തൊട്ടിൽ എന്നറിയപ്പെടുന്ന രാജ്യമാണ് ഇറാഖ്. ബൈബിളിൽ അബ്രഹാമിന്റെ വീട് സ്ഥിതി ചെയ്തിരുന്ന സ്ഥലമായി പറയപ്പെടുന്ന ഉർ ഇറാഖിലാണ് സ്ഥിതി ചെയ്യുന്നത്. 2003ൽ അമേരിക്ക ഇറാഖിൽ സൈനിക ഇടപെടൽ നടത്തുന്നതു വരെ അത് ഏകദേശം 15 ലക്ഷത്തോളം ക്രൈസ്തവ വിശ്വാസികൾ ജീവിക്കുന്ന രാജ്യമായിരുന്നു. എന്നാൽ സൈനിക ഇടപെടലിനും ഇസ്ളാമിക അധിനിവേശത്തിനും ശേഷം ക്രൈസ്തവ ജനസംഖ്യ ഇപ്പോൾ നാല് ലക്ഷമായി കുറഞ്ഞിരിക്കുകയാണ്.

# നാല് വിശ്വാസികളെ അറസ്റ്റ് ചെയ്തു




ജാർഖണ്ഡ്: മതപരിവർത്തനം നടത്തിയതായി ആരോപിച്ച് നാല് വിശ്വാസികളെ അറസ്റ്റ് ചെയ്തു. ജാർഖണ്ഡിലെ വെസ്റ്റ് സിങ്ഭും ജില്ലയിലെ ചക്രധർപൂർ നഗരത്തിൽ, സൗജന്യ വിദ്യാഭ്യാസം നൽകുന്നതിന്റെ മറവിൽ മതപരിവർത്തനം നടത്തുകയും അനുബന്ധ പുസ്തകങ്ങൾ വിതരണം ചെയ്യുകയും ചെയ്തതായി ആരോപിച്ചാണ് അറസ്റ്റ്. ദേവ്ഗാവിലെ കെൻഡോ പഞ്ചായത്തിൽ, വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കണമെന്ന് പറഞ്ഞ് മൂന്ന് സ്ത്രീകളും ഒരു പുരുഷനും നീച്ചെ തോലയിലെ കോൽസായ് ഗ്രാമം സന്ദർശിക്കുകയും ഗ്രാമത്തിലെ കുട്ടികൾക്ക് പേന, പെൻസിൽ, നോട്ട് ബുക്കുകൾ മുതലായവ വിതരണം ചെയ്യുകയും ചെയ്തു.

തങ്ങളുടെ കുട്ടികൾക്ക് യേശുക്രിസ്തുവിനെയും ബൈബിളിനെയും കുറിച്ചുള്ള വിവരങ്ങൾ അടങ്ങിയ പുസ്തകങ്ങൾ നൽകിയതായി ഗ്രാമവാസികൾ അറിയുകയും, ഇതേത്തുടർന്ന് അവർ എതിർപ്പ് ഉന്നയിക്കുകയും ഗ്രാമപഞ്ചായത്ത് ഉപമേധാവി സംഗീത സവയ്യയെ വിവരം അറിയിക്കുകയും ചെയ്തു. തുടർന്ന് ക്രിസ്ത്യൻ മതവുമായി ബന്ധപ്പെട്ട പുസ്തകങ്ങൾ പഠിപ്പിച്ച് കുട്ടികളെ ക്രിസ്ത്യാനികളാക്കാനുള്ള ശ്രമത്തെക്കുറിച്ച് ചക്രധർപൂർ പോലീസ് സ്റ്റേഷനിൽ വിവരം അറിയിച്ചു. സബ് ഇൻസ്പെക്ടർ വിവേക് പാൽ പ്രസ്തുത ഗ്രാമത്തിലെത്തി നാല് വിശ്വാസികളെയും അറസ്റ്റ് ചെയ്യുകയായിരുന്നു.

# അവസാന ഇന്ത്യൻ മാധ്യമപ്രവർത്തകനോടും രാജ്യം വിടാൻ നിർദ്ദേശിച്ച് ചൈന

**ഇന്ത്യൻ മാധ്യമപ്രവർത്തകരുടെ ചൈനയിലെ സ്ഥിതി അതല്ലെന്നും പ്രശ്നം പരിഹരിക്കാൻ ശ്രമിക്കുകയാണെന്നും ഇന്ത്യ വ്യക്തമാക്കിയിരുന്നു**

ന്യൂഡൽഹി: അവസാന ഇന്ത്യൻ മാധ്യമപ്രവർത്തകനോടും രാജ്യം വിടാൻ നിർദേശിച്ച് ചൈന. ഇരു രാജ്യങ്ങളും തമ്മിലുള്ള സംഘർഷം കൂടുതൽ രൂക്ഷമാകുന്നതിനിടെയാണ് ചൈനയുടെ നടപടി. പി.ടി.ഐ റിപ്പോർട്ടറോട് ഈ മാസം അവസാനത്തോടെ രാജ്യം വിടാനാണ് ചൈന നിർദേശിച്ചിരിക്കുന്നത്. ഇതോടെ ചൈനയിലെ ഇന്ത്യയുടെ മാധ്യമ സാന്നിധ്യം അവസാനിക്കുകയാണ്. കഴിഞ്ഞ വർഷം നാല് ഇന്ത്യൻ മാധ്യമപ്രവർത്തകരാണ് ചൈനയിലുണ്ടായിരുന്നത്. ഇതിൽ ഹിന്ദുസ്ഥാൻ ടൈംസ് ലേഖകൻ കഴിഞ്ഞയാഴ്ച ചൈന വിട്ടു. പ്രസാർ ഭാരതി, ദ ഹിന്ദു റിപ്പോർട്ടമാർക്ക് ഏപ്രിലിന് ശേഷം ചൈന വിസ പുതുക്കി നൽകിയില്ല. വാർത്തയോട് പ്രതികരിക്കാൻ ചൈനീസ് വിദേശകാര്യമന്ത്രാലയം തയാറായിട്ടില്ല.

ചൈനീസ് വിദേശകാര്യമന്ത്രാലയം വക്താവ് മാവോ നിങ് ഇന്ത്യവിട്ട ചൈനീസ് മാധ്യമപ്രവർത്തകൻ വിസ പുതുക്കുന്നതിനായി കാത്തിരിക്കുകയാണെന്ന് പറഞ്ഞിരുന്നു. സിൻഹുവ, ചൈനീസ് സെൻട്രൽ ടെലിവിഷൻ എന്നീ സ്ഥാപനങ്ങളിൽ നിന്നുള്ള മാധ്യമപ്രവർത്തകർക്ക് ഇന്ത്യ വിസ നിഷേധിച്ചതായും വാർത്തകൾ പുറത്ത് വന്നിരുന്നു. നേരത്തെ ചൈനീസ് റിപ്പോർട്ടർമാർക്ക് തടസങ്ങളില്ലാതെ രാജ്യത്ത് പ്രവർത്തിക്കാൻ സാധിക്കുമെന്ന് കേന്ദ്രസർക്കാർ അറിയിച്ചിരുന്നു. എന്നാൽ, ഇന്ത്യൻ മാധ്യമപ്രവർത്തകരുടെ ചൈനയിലെ സ്ഥിതി അതല്ലെന്നും പ്രശ്നം പരിഹരിക്കാൻ ശ്രമിക്കുകയാണെന്നും ഇന്ത്യ വ്യക്തമാക്കിയിരുന്നു. ഗൽവാനിൽ സംഘർഷമുണ്ടായതിന് പിന്നാലെയാണ് ഇന്ത്യയും ചൈനയും തമ്മിലുള്ള പ്രശ്നം രൂക്ഷമായത്. നേരത്തെ മാധ്യമപ്രവർത്തകർക്ക് പ്രവർത്തിക്കാൻ അനുമതി നൽകുന്നതുമായി ബന്ധപ്പെട്ട് ചൈനയും യു.എസും തമ്മിലും തർക്കമുണ്ടായിരുന്നു.

# ‘ഞങ്ങൾ ആനന്ദം കണ്ടെത്തുന്നത് ക്രിസ്തുവിൽ’:

## ദേശീയ കിരീടം നേടിയ ഒക്ലഹോമ സർവ്വകലാശാല ടീം




ഒക്ലഹോമ: തുടർച്ചയായ മൂന്നാം ദേശീയ കിരീട നേട്ടത്തിലും ക്രിസ്തുവിന് നന്ദിയർപ്പിച്ച് ഒക്ലാഹോമ സർവ്വകലാശാലയിലെ വനിത സോഫ്റ്റ്ബോൾ ടീം. ഒക്ലഹോമ സിറ്റിയിലെ യു.എസ്.എ സോഫ്റ്റ്ബോൾ ഹാൾ ഓഫ് ഫെയിം സ്റ്റേഡിയത്തിൽവെച്ച് നടന്ന വിമൻസ് കോളേജ് വേൾഡ് സീരീസിൽ ഫ്ലോറിഡയെ തോൽപ്പിച്ചുകൊണ്ടായിരുന്നു വനിതാ സോഫ്റ്റ്ബോൾ ടീം മൂന്നാം കിരീടം കരസ്ഥമാക്കിയത്.

ടീമിന്റെ മുഖ്യ പരിശീലകനായ പാറ്റി ഗാസ്സോയും ടീമംഗങ്ങളിൽ ചിലരും അടിയുറച്ച ക്രിസ്ത്യാനികളാണ്. തങ്ങളുടെ ക്രിസ്തീയ വിശ്വാസം തുറന്നു പറയുവാൻ മടിക്കാത്ത അവർ കിരീട നേട്ടത്തിന് പിന്നാലേ ക്രിസ്തീയ പ്രഘോഷണവുമായി രംഗത്തുവരികയായിരിന്നു. തങ്ങൾ ക്രിസ്തുവിലാണ് ആനന്ദം കണ്ടെത്തുന്നതെന്നു ഇക്കഴിഞ്ഞ ദിവസം നടന്ന പത്ര സമ്മേളനത്തിൽവെച്ച് ടീമംഗങ്ങൾ മാധ്യമപ്രവർത്തകരോട് പറഞ്ഞു.

എങ്ങനെയാണ് നിങ്ങൾക്ക് നിങ്ങളുടെ സമ്മർദ്ധത്തെ കീഴടക്കുവാനും, സന്തോഷത്തിൽ കഴിയുവാനും കഴിയുന്നത്? എന്ന ചോദ്യത്തിന് ‘ഒരിക്കലും മങ്ങാത്ത സന്തോഷം ഞങ്ങൾക്ക് ലഭിച്ചത് കർത്താവിൽ നിന്നാണെന്നും സാഹചര്യങ്ങളിൽ നിന്നും, ഫലങ്ങളിൽ നിന്നും ലഭിക്കുന്നതാണ് മറ്റ് സന്തോഷങ്ങളെന്നുമായിരിന്നു” ടീം ക്യാപ്റ്റനായ ഗ്രേസ് ല്യോൺസിന്റെ മറുപടി. ടീമംഗമായ ജെയ്ഡ കോൾമാനും ഇതിനോട് യോജിച്ച് രംഗത്തുവന്നു. തന്റെ ആദ്യ കോളേജ് വർഷത്തിൽ വിമൻസ് കോളേജ് വേൾഡ് സീരീസ് വിജയിക്കുവാൻ കഴിഞ്ഞതിൽ സന്തോഷം ഉണ്ടായിരുന്നെങ്കിലും അതിൽ ആനന്ദം കണ്ടെത്തുവാൻ കഴിഞ്ഞിരുന്നില്ലായെന്നും കോൾമാൻ പറഞ്ഞു. ‘അടുത്ത ദിവസം എന്താണ് ചെയ്യേണ്ടതെന്ന്! എനിക്കറിയില്ലായിരുന്നു. പിന്നീട് വന്ന ആഴ്ചയിലും എന്താണ് ചെയ്യേണ്ടതെന്ന് എനിക്കറിയില്ലായിരുന്നു. എനിക്ക് ഒരു പൂർണ്ണത തോന്നിയില്ല, എനിക്ക് ക്രിസ്തുവിനെ കണ്ടെത്തേണ്ടതുണ്ടായിരുന്നു’ കോൾമാൻ പറയുന്നു. മത്സരത്തിനിടയിൽ ടീമിന്റെ കണ്ണുകൾ ഉയർത്തുന്ന ആംഗ്യം ഞങ്ങളുടെ ദൃഷ്ടികൾ യേശുവിൽ ഉറപ്പിക്കുന്നതിനുള്ള ഒരു മാർഗ്ഗമാണെന്നു ടീമിന്റെ ഇൻഫീൽഡറായ അലീസ ബ്രിട്ടോ പറയുന്നു.

# ഡെങ്കിപ്പനി പടരുന്നു



എറണാകുളം ജില്ലയിൽ ഡെങ്കിപ്പനി പടരുന്നു. ഈ മാസം ജില്ലയിൽ ഡെങ്കിപ്പനി ബാധിച്ച് മരിച്ചവരുടെ എണ്ണം ആറായി. അറുന്നൂറ് പേർക്കാണ് രോഗം സ്ഥിരീകരിച്ചതും. ഡെങ്കിപ്പനി അപകടകരമായ രീതിയിൽ പടരുമ്പോഴും ജാഗ്രതാ മുന്നറിയിപ്പ് പുറപ്പെടുവിക്കാൻ പോലും ജില്ലാ ആരോഗ്യവിഭാഗം തയാറാകുന്നില്ല.


രാജ്യത്ത് ഏറ്റവും അധികം ഡെങ്കിപ്പനി കേസുകൾ റിപ്പോർട്ട് ചെയ്യുന്നത് കേരളത്തിലാണ്. കേരളത്തിൽ ഏറ്റവും കൂടുതൽ ഡെങ്കി കേസുകൾ ഉള്ളതാകട്ടെ എറണാകുളത്തും. ഈ മാസം 11 വരെയുള്ള ആരോഗ്യവകുപ്പിന്റെ ഔദ്യോഗിക കണക്കുകൾ മാത്രം പരിശോധിച്ചാൽ പ്രതിദിനം അൻപതിലേറെ പേർക്കാണ് ജില്ലയിൽ ഡെങ്കിപ്പനി ബാധിക്കുന്നത്. സർക്കാർ ആശുപത്രികളിൽ ചികിത്സ തേടുന്നവരുടെ മാത്രം കണക്കാണിത്. ഇന്നലെ മാറാടിയിൽ ഒരാൾ ഡെങ്കിപ്പനി ബാധിച്ചു മരിച്ചതോടെ ഈ മാസം ജില്ലയിൽ ഡെങ്കിപ്പനി ബാധിച്ചു മരിച്ചവരുടെ എണ്ണം ആറായി. ഇതോടെ ഈ വർഷത്തെ ഡെങ്കി മരണം എട്ടായി.

# ശാരോൻ ഫെല്ലോഷിപ്പ് ചർച്ച് കാനഡയിൽ അനുഗ്രഹീത തുടക്കം

ടോറോന്റോ : ശാരോൻ ഫെല്ലോഷിപ്പ് ചർച്ചസ് ഓഫ് നോർത്ത് അമേരിക്കയുടെ ആഭിമുഖ്യത്തിൽ കാനഡായിലുള്ള ശാരോൻ ഫെല്ലോഷിപ്പ് ചർച്ച് സഭാവിശ്വാസികൾക്കായുള്ള കൂട്ടായ്മക്ക് അനുഗ്രഹീത തുടക്കം. ശാരോൻ ഫെല്ലോഷിപ്പ് ചർച്ചസ് ഓഫ് നോർത്ത് അമേരിക്കയുടെ വൈസ് പ്രസിഡന്റ് പാസ്റ്റർ ബാബു തോമസിന്റെ അധ്യക്ഷതയിൽ കൂടിയ സമ്മേളനത്തിൽ ബ്രദർ ജെയിംസ് ഉമ്മൻ സ്വാഗതം അറിയിക്കുകയും പാസ്റ്റർ എബിൻ അലക്സ് ഗാനങ്ങൾ ആലപിക്കുകയും ശാരോൻ ഫെല്ലോഷിപ്പ് ചർച്ച് ഇന്റർനാഷണൽ പ്രസിഡന്റ് പാസ്റ്റർ ജോൺ തോമസ് ഈ കൂട്ടായ്മ ഉത്ഘാടനം ചെയ്തു.

തുടർന്ന് പ്രാർത്ഥനയുടെ പ്രാധാന്യതയ്ക്ക് ഊന്നൽ നൽകി ശാരോൻ ഫെല്ലോഷിപ്പ് ചർച്ചസ് ഓഫ് നോർത്ത് അമേരിക്കയുടെ പ്രസിഡന്റ് പാസ്റ്റർ ജോസഫ് റ്റി ജോസഫ് മുഖ്യ സന്ദേശം നൽകി. പാസ്റ്റർ എബിൻ അലക്സ് നന്ദി പ്രകാശിപ്പിക്കുകയും പാസ്റ്റർ അലക്സാണ്ടർ ഫിലിപ്പ് പ്രാർത്ഥിച്ചു. അമേരിക്കയിലും ക്യാനഡയിലുമുള്ള നൂറിൽ പരം ദൈവമക്കൾ മീറ്റിങ്ങിൽ സംബന്ധിച്ചു. കൂട്ടായ്മയിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ശാരോൻ ഫെല്ലോഷിപ്പ് ചർച്ച് ശുശ്രൂഷകൻ പാസ്റ്റർ സന്തോഷ് തര്യനുമായോ പാസ്റ്റർ എബിൻ അലക്സുമായോ ബന്ധപ്പെടാവുന്നതാണ്.

# കോവിഡിന് കാരണം വുഹാൻ ലാബ് തന്നെ; ചൈനയെ പ്രതിക്കൂട്ടിലാക്കി ബ്രിട്ടീഷ് മാധ്യമ റിപ്പോർട്ട്



ബിജിംഗ്:കൊവിഡ് 19 മഹാമാരി തുടങ്ങിയ നാൾ മുതൽ സംശയത്തിന്റെ നിഴലിലാണ് ചൈനയിലെ ഏറ്റവും പ്രശസ്തമായ വൈറോളജി റിസർച്ച് ലബോറട്ടിയായ വുഹാൻ ഇൻസ്റ്റിറ്റ്യൂട്ട്. വൈറസ് ലാബിൽ നിന്ന് ചോർന്നതാണോ അതോ സ്വാഭാവികമായി പ്രകൃതിയിൽ തന്നെ സൃഷ്ടിക്കപ്പെട്ടതാണോ എന്നതിൽ ഇപ്പോഴും തർക്കം തുടരുകയാണ്. അതേസമയം വൈറസിന്റെ ഉത്ഭവകേന്ദ്രമായ ചൈനയിൽ നിന്നുള്ള ഡേറ്റകളുടെ അഭാവവും ഭരണകൂടം നൽകിയ വിവരങ്ങളിലെ അവ്യക്തതയും തന്നെയാണ് കൃത്യമായ നിഗമനത്തിൽ ഇതുവരെ എത്തിച്ചേരാൻ സാധിക്കാത്തതിനിന് കാരണം. എന്നാൽ ഇപ്പോൾ വുഹാൻ ലാബിനെ പ്രതികൂട്ടിൽ നിറുത്തുന്ന ഒരു റിപ്പോർട്ട് പുറത്തുവിട്ടിരിക്കുകയാണ് ഒരു ബ്രിട്ടീഷ് മാദ്ധ്യമം. ലാബിൽ ചൈനീസ് ഗവേഷകർ അപകടകരമായ രഹസ്യ പരീക്ഷണങ്ങൾ നടത്തിയിരുന്നെന്നും ഇതിനിടെ പുറത്ത് ചാടിയ വൈറസാണ് കൊവിഡ് 19 എന്നുമാണ് റിപ്പോർട്ടിൽ പറയുന്നത്. കൊവിഡ് ഉത്ഭവത്തെ സംബന്ധിച്ച് പഠിച്ച യു.എസ് ഗവേഷകരുടെയും മറ്റും സഹായത്തോടെയാണ് റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ചൈനീസ് മിലിട്ടറിയുമായി സഹകരിച്ചാണ് ലാബിൽ പ്രവർത്തനങ്ങൾ നടന്നത്. അതിനാൽ ഇതേ പറ്റി വിവരങ്ങളൊന്നും പ്രസിദ്ധീകരിച്ചിട്ടുമില്ല. ജൈവായുധ ഗവേഷണമാണോ എന്നാണ് സംശയം. ചൈനീസ് മിലിട്ടറി തന്നെയാണത്രെ ഗവേഷണത്തിനുള്ള ധനസഹായം നൽകിയത് എന്നുമാണ് റിപ്പോർട്ടിൽ പറയുന്നത്.

## സുഡാനിലെ ആഭ്യന്തര യുദ്ധത്തിൽ ജീവൻ പണയംവെച്ച് പൊതുജനത്തിന് ഒപ്പം നിലക്കൊണ്ട് സലേഷ്യൻ മിഷ്ണറിമാർ

ഖാർതും: ഖാർതുമിൽ സുഡാനീസ് ആംഡ് ഫോഴ്സസും, അർദ്ധസൈനിക റാപ്പിഡ് സപ്പോർട്ട് ഫോഴ്സസും തമ്മിലുള്ള പോരാട്ടത്തിൽ ജീവൻ വകവെക്കാതെ പൊതുജനത്തിന് ഒപ്പം നിലക്കൊണ്ട് സലേഷ്യൻ മിഷ്ണറിമാർ. കുടുംബങ്ങൾക്ക് പ്രഥമ ശുശ്രൂഷ നൽകുവാനുള്ള കേന്ദ്രം ഒരുക്കിയതിനു പുറമേ, ഭക്ഷണവും അഭയവും ആവശ്യപ്പെട്ട് വരുന്നവർക്ക് അതിനുള്ള സൗകര്യം സലേഷ്യൻ മിഷ്ണറിമാർ ഒരുക്കിയിട്ടുണ്ട്. ഖാർതൂം മെത്രാപ്പോലീത്ത മൈക്കേൽ ദിദി അഗ്ദും മങ്ങോരിയ സുഡാന് വേണ്ടി പ്രാർത്ഥിക്കുവാൻ ജനങ്ങളോട് ആഹ്വാനം ചെയ്തിരിന്നു. കഴിഞ്ഞ മുപ്പതിലധികം വർഷങ്ങളായി സുഡാനിൽ സാന്നിധ്യമുള്ള സലേഷ്യൻ സമൂഹം അഞ്ഞൂറിലധികം വിദ്യാർത്ഥികൾ പഠിക്കുന്ന ഖാർതൂമിലെ വ്യവസായിക മേഖലയിൽ പ്രവർത്തിക്കുന്ന സെന്റ് ജോസഫ് വോക്കേഷണൽ സ്കൂൾ, ഖാർതൂമിന്റെ തെക്ക് ഭാഗത്തുള്ള ആറായിരത്തിലധികം അംഗങ്ങളുള്ള സെന്റ് ജോസഫ് ഇടവക, നാനൂറോളം വിദ്യാർത്ഥികൾ പഠിക്കുന്ന എൽ ഒബെയിദിലെ ഡോൺ ബോസ്കോ വോക്കേഷണൽ ട്രെയിനിംഗ് സെന്റർ എന്നിവ നേതൃത്വം നൽകുന്നുണ്ട്. ഖാർതൂമിലും, എൽഒബെയിദിലും സലേഷ്യൻ മിഷ്ണറിമാർ സഹായം തുടരുന്നുണ്ട്.

CNL7 MEDIA
# CHRISTIANLIVE DAILY
Vol 2. Issue. 131
12 Monday
Pages 5
499

